പരീക്ഷ നടത്തുന്നതിലുള്ള സർവകലാശാലകളുടെ പിടിപ്പുകേട് നശിപ്പിച്ചുകളഞ്ഞിട്ടുള്ളതു് ഈ മൗലികാവകാശത്തെയാണ്.

വ്യവസായവൽക്കൃതരാജ്യങ്ങളിൽ ആളുകൾ ജീവിക്കുന്നതുതന്നെ ആണ്ടിലൊരു മാസം ശമ്പളത്തോടെ കിട്ടുന്ന അവധിക്കുവേണ്ടിയാണെന്നു തോന്നും. ഇക്കാര്യത്തിൽ മുതലാളിത്തരാജ്യങ്ങളും കമ്യൂണിസ്റ്റ്രാജ്യങ്ങളും തമ്മിൽ ഭേദമില്ല. അവധിക്കാർക്കുവേണ്ടിയുള്ള വിശ്രമ–വിനോദ കേന്ദ്രങ്ങൾക്ക് അവിടെ യാതൊരു ക്ഷാമവുമില്ല.

വിശ്രമമെന്നതിന് ഒന്നും ചെയ്യാതിരിക്കൽ എന്നർത്ഥമില്ല. മററു കാലങ്ങളിൽ സാധാരണയായി ചെയ്യാത്ത ചിലതു ചെയ്യൽ എന്നേ അതിനർത്ഥമുള്ളു. പലരും പ്രധാനപ്പെട്ട പല കാര്യങ്ങളും ചെയ്യുന്നതു് ഒഴിവുകാലത്താണ്.

വായന, എഴുത്തു്, തോട്ടപ്പണി, വീടുപുതുക്കൽ, ബന്ധുക്കളെ സന്ദർശിക്കൽ, കായികവിനോദങ്ങൾ—അങ്ങനെ ഒഴിവുകാലത്തു മിക്കവർക്കും വളരെയൊന്നും ഒഴിവുകിട്ടിയെന്നു വരില്ല. എങ്കിലും, ഒഴിവുകാലത്തെ ഈ പണിത്തിരക്കു മനുഷ്യരിൽ പുതിയൊരു ജീവിതചൈതന്യം നിറയ്ക്കുന്നു. അവരുടെ മനസ്സിൽ അടിഞ്ഞുകൂടിയ മടുപ്പ് തുടച്ചുമാററുന്നു. അടുത്ത പതിനൊന്നു മാസങ്ങളിൽ പഴയ പരിചിതമായ, പണികളൊക്കെ പുതിയ ഉന്മേഷത്തോടെ ചെയ്യാൻ അതു കഴിവു നല്കുന്നു.

മദ്ധ്യവേനലവധി നമ്മുടെ നാട്ടിലും കുടുംബങ്ങൾക്കു കിട്ടാറാക്കണം.

അതിനു സ്കൂളുകളിലും കോളേജുകളിലും പരീക്ഷകൾ ഒരേ കാലത്തു നടത്തണം. ഒരേ കാലത്തായിരിക്കണം സ്കൂളുകൾക്കും കോളേജുകൾക്കും വെക്കേഷൻ.

പ്രാധാന്യമുള്ള ഈ പ്രശ്നത്തിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും അധികൃതരുടെയും ശ്രദ്ധ പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

(14 മാർച്ച്, 1982)

## 99. 'ശരാശരി'യേക്കാൾ താഴെ

ഒരു ക്ലാസ്സിൽ അമ്പതു കുട്ടികൾ ഉണ്ടെന്നിരിക്കട്ടെ. ഈ അമ്പതു പേരിൽ ഒരാളും മറെറാരാളെപ്പോലെ ആയിക്കൊള്ളണമെന്നില്ല. ജന്മസിദ്ധമായ പ്രതിഭ അവരിലോരോരുത്തരിലും ഓരോ വിധത്തിലേ ആയിരിക്കൂ. ഓരോരുത്തരുടെയും ജീവിതാനുഭവങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ഇതിൻഫലമായി അവരുടെ സ്വഭാവത്തിലും പഠനസമ്പ്രദായത്തിലും എല്ലാം വ്യത്യാസമുണ്ടാകാതെ തരമില്ല.

ഇതിനർത്ഥം ക്ലാസ് മുറികളിൽ 'ശരാശരി' (ആവറേജ്) എന്ന ഒന്ന് ഇല്ലെന്നാണ്. 'ശരാശരി' വിദ്യാർത്ഥി എന്നതു് ഒരു സങ്കല്പനം മാത്രമാണ്. യഥാർത്ഥത്തിൽ ഉള്ളതു വ്യത്യസ്തരായ അമ്പതു വ്യക്തികൾ മാത്രം.

എങ്കിലും വളരെയേറെ കുട്ടികൾ ഉൾക്കൊള്ളുന്ന ഒരു ക്ലാസ്സിൽ ഓരോരുത്തരെയും വെവ്വേറെ പഠിപ്പിക്കുക സാദ്ധ്യമല്ല. 'ശരാശരി'യുടെ അടിസ്ഥാനത്തിൽ മാത്രമേ അദ്ധ്യാപനം സാദ്ധ്യമാവുകയുള്ളു. 'ശരാശരി' വിദ്യാർത്ഥിക്കു മനസ്സിലാകും വിധത്തിലായിരിക്കും സിലബസ്സും കരിക്കുലവും നിശ്ചയിക്കുന്നതു്. 'ശരാശരി' വിദ്യാർത്ഥിയെ ഉദ്ദേ

ശിച്ചുള്ളവയാണ് പാഠപുസ്തകങ്ങളും അവ പഠിപ്പിക്കുന്ന രീതിയും. അവസാനം പരീക്ഷ നടത്തി നിർണയിക്കുന്നതാകട്ടെ, 'ശരാശരി' നിലവാരത്തിൽ എത്ര വിദ്യാർത്ഥികൾ എത്തിയിട്ടുണ്ടെന്നതത്രേ.

ഇതേ പ്രായോഗികമാവൂ. പക്ഷേ, ഈ പ്രായോഗിക സമീപനത്തിനു പല തകരാറുകളുമുണ്ട്.

അവശവിഭാഗങ്ങളിൽനിന്നു വരുന്ന വിദ്യാർത്ഥികൾ അവഗണിക്കപ്പെടുന്നു എന്നതാണ് 'ശരാശരി'യുടെ അടിസ്ഥാനത്തിലുള്ള അദ്ധ്യാപനത്തിന്റെ മുഖ്യമായ ദോഷം. 'അവശവിഭാഗങ്ങൾ' എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നതു് സാമൂഹ്യവും സമ്പത്തികവുമായ പിൻനില മാത്രമല്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം സാമൂഹ്യമായി പിൻനിലുന്ന ഹരിജനങ്ങൾ, ഗിരിജനങ്ങൾ, ഗോത്രവർഗങ്ങൾ മുതലായ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ മൊത്തത്തിൽ അവശതയനുഭവിക്കുന്നവരാണെന്നതു ശരിതന്നെ. എന്നാൽ, നഗരങ്ങളിലെ ചേരികളിൽ വസിക്കുന്നവരും, ദാരിദ്ര്യത്തിന്റെ ആഴങ്ങളിൽ അടിഞ്ഞവരുമായ മററു വിഭാഗക്കാരുടെ കുട്ടികളും, വിദ്യാഭ്യാസകാര്യത്തിൽ, അവശർതന്നെയാണ്. വികലാംഗർ, മന്ദബുദ്ധികൾ, സ്ഥിരം രോഗികൾ തുടങ്ങി വേറെയും പലരേയും 'അവശ'വിദ്യാർത്ഥികളിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

പ്രദേശഭേദവും സ്ഥാപനഭേദവുമനുസരിച്ച് ഓരോ ക്ലാസ്സിലും ഇത്തരം 'അവശ'ന്മാരായ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഏററക്കുറച്ചിലുണ്ടാവാം. എങ്കിലും, മൊത്തത്തിൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മുപ്പതു്—നാല്പതു് ശതമാനം ഇത്തരത്തിൽ പെടുമെന്നു കണക്കാക്കാം. ഒന്നാം ക്ലാസ്സിൽ ചേർന്നശേഷം അഞ്ചാം ക്ലാസ്സിലെത്തുംമുമ്പ് 'പൊഴിഞ്ഞു' പോകുന്നവരിൽ അധികം പേരും 'അവശ'വിഭാഗത്തിൽ ചേർന്നവരാണ്.

അദ്ധ്യാപകൻ ഇവരെ ശ്രദ്ധിക്കാൻ നിന്നാൽ, ക്ലാസ്സിന്റെ 'ശരാശരി' നിലവാരം ഇപ്പോഴത്തേക്കാളും വളരെയധികം താഴ്ന്നുപോവും. 'ശരാശരി'ക്കാരെ സംബന്ധിച്ചിടത്തോളം ഒന്നും പഠിക്കാനില്ലെന്ന നില വന്നുകൂടുകയുംചെയ്യും. അപ്പോൾ പഠിപ്പു പൊതുവെ വിരസമാകും. നിശ്ചിതകാലയളവിൽ നിശ്ചിതവിഷയങ്ങൾ പഠിപ്പിച്ചു തീർക്കുക സാദ്ധ്യമാവില്ല. പരീക്ഷയിൽ ഇപ്പോഴത്തെക്കാളെത്രയോ അധികം പരാജയമായിരിക്കും ഇതിന്റെ ഫലം.

'ശരാശരി'യിൽ താഴ്ന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യാപകൻ പരിഗണന നൽകാതിരുന്നാലാകട്ടെ, വിദ്യാഭ്യാസത്തിനുവേണ്ടി നാം വഹിക്കുന്ന ഭാരിച്ച ചെലവു വളരെ വലിയ ഒരളവോളം നിഷ്പ്രയോജനമായിപ്പോകും. ജനസംഖ്യയിൽ ഗണ്യമായ ഒരു ശതമാനം ഇന്നത്തെപ്പോലെയോ, അതിലുമധികമോ നിരക്ഷരതയിലേക്കു വഴുതിവീഴും. രാജ്യത്തിന്റെ പുരോഗതി മന്ദീഭവിക്കുകയുംചെയ്യും.

വിദ്യാഭ്യാസപരമായി അവശതയനുഭവിക്കുന്ന വിദ്യാൎത്ഥികളിൽ പ്രത്യേക ശ്രദ്ധചെലുത്തുന്നതിനു പല മാർഗങ്ങൾ നിർദേശിക്കപ്പെട്ടിട്ടുണ്ട്. സ്കൂളിൽ 'സൂപ്പർന്യൂമററി' അദ്ധ്യാപകരെ നിയമിക്കുകയെന്നതാണ് അതിലൊന്ന്. ഇവർക്കു ക്ലാസ്സ് ചാർജ് ഉണ്ടായിരിക്കില്ല. എന്നാൽ, ഏതാനും ക്ലാസ്സുകളിൽ ഏററവും മോശമായ വിദ്യാർത്ഥികളുടെ ചുമതല ഇവർക്കായിരിക്കും. ഈ വിദ്യാർത്ഥികൾക്കു സ്കൂളിൽവെച്ചോ, അവരവരുടെ വീടുകളിൽവെച്ചോ ട്യൂഷൻ നൽകി, ശരാശരി നിലവാരത്തിൽ അവരെ എത്തിക്കുകയാണ് ഇവർ ചെയ്യേണ്ടതു്. ഇതോടൊപ്പം, സ്കൂളിൽനിന്നു പൊഴിഞ്ഞവരെയും, സ്കൂൾപ്രായമായിട്ടും സ്കൂളിൽ ചേരാത്തവരെയും തേടിപ്പിടിച്ചു, പഠിപ്പിച്ചു, പ്രായത്തി

ഒന്നാം ക്ലാസ്സുകളിൽ അവരെ ചേർക്കുന്നതിന്റെ ഉത്തരവാദിത്തവും ഈ അദ്ധ്യാപകർ വഹിക്കണം.

അവശവിദ്യാർത്ഥികളുടെ പ്രശ്നം തൃപ്തികരവും ശാശ്വതവുമായി പരിഹരിക്കാനുള്ള മാർഗം ഇതാണ്. പക്ഷേ, സർക്കാരിനു കൂടുതൽ ചെലവു വരുത്തുമെന്നതിനാൽ കേരളത്തിൽ ഈ മാർഗം ഉടൻ സ്വീകരിക്കപ്പെട്ടേക്കുകയില്ല.

രക്ഷിതാക്കൾ, പൊതുജനങ്ങൾ, സേവനസംഘടനകൾ മുതലായ ജനവിഭാഗങ്ങൾക്ക് അവശവിദ്യാർത്ഥികളുടെ പ്രശ്നം ഏറ്റെടുക്കാവുന്നതാണ്. സാമ്പത്തികമായി ഭേദപ്പെട്ട നിലയിലുള്ള രക്ഷിതാക്കൾ ഇപ്പോൾത്തന്നെ പരിമിതമായ തോതിലെങ്കിലും ഈ പ്രശ്നത്തിൽ ശ്രദ്ധചെലുത്തിവരുന്നുണ്ട്. പഠിപ്പിൽ അല്പം പിന്നോക്കമായ സ്വന്തം കുട്ടികൾക്ക് ഇവർ തങ്ങൾതന്നെയോ, അദ്ധ്യാപകർ മുഖേനയോ ട്യൂഷൻ നൽകിവരുന്നുണ്ടല്ലോ. രക്ഷിതാക്കൾ സംഘടിച്ചാൽ, ഇതേ ട്യൂഷൻ പൊതുവേ പിന്നോക്കം നിൽക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കുമാറു വികസിപ്പിക്കാൻ കഴിയും. അദ്ധ്യാപക–രക്ഷാകർത്തൃ സംഘടനകൾക്കു ഫലപ്രദമായ സേവനം അനുഷ്ഠിക്കാൻ സാദ്ധ്യമായ ഒരു മേഖലയാണിത്. ഇതുപോലെ പഞ്ചായത്തുകൾ മുതലായ ഔദ്യോഗിക സംഘടനകൾക്കും, ലൈബ്രറികൾ, അനൗപചാരിക വിദ്യാഭ്യാസ സംഘടനകൾ, മഹിളാസമാജങ്ങൾ, വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മുതലായ സ്ഥാപനങ്ങൾക്കും ഈ പ്രവൃത്തി ഏറ്റെടുക്കാവുന്നതേയുള്ളു. പഞ്ചായത്തുകൾ ശ്രദ്ധിച്ചാൽ കേരളത്തിലെ ഗ്രാമങ്ങളിൽ ഏതാനും വർഷങ്ങൾക്കകം എല്ലാവർക്കും പ്രാഥമികവിദ്യാഭ്യാസവും സാക്ഷരതയും ഉറപ്പുവരുത്താൻ സാധിക്കുമെന്നതാണ് ഇന്നത്തെ നില.

വിദ്യാഭ്യാസപരമായി അവശതയനുഭവിക്കുന്ന വിദ്യാർത്ഥികളുടെ പ്രശ്നം സ്കൂളിനകത്തുവെച്ചുതന്നെ പരിഹരിക്കാൻ ചില മാതൃകാപരമായ പരിശ്രമങ്ങൾ ഇപ്പോൾത്തന്നെ പലേടങ്ങളിലും നടന്നുവരുന്നുണ്ട്. 'ശരാശരി'യിൽ താഴ്ന്ന (ലോ അച്ചീവേഴ്സ്) കുട്ടികളെ സഹായിക്കുവാൻ 'ശരാശരി'യിൽക്കവിഞ്ഞ (ഹൈ അച്ചീവേഴ്സ്) കുട്ടികളെ പ്രോത്സാഹിപ്പിക്കുകയാണ് ഈ പരിശ്രമങ്ങളിൽ മുഖ്യം. ഇതിനായി ക്ലാസ്സ് ടീച്ചർമാർ സ്വന്തം ക്ലാസ്സുകളിലെ 'ശരാശരി'യിൽ താഴ്ന്ന കുട്ടികളെ തിരഞ്ഞെടുത്തു മൂന്നോ, നാലോ പേർ വീതമടങ്ങിയ പല ഗ്രൂപ്പുകളായി തിരിക്കുന്നു. 'ശരാശരി'യിൽ ഉയർന്ന മൂന്നോ, നാലോ കുട്ടികളെ തിരഞ്ഞെടുത്ത്, ഈ ഗ്രൂപ്പുകൾക്കു പാഠം പറഞ്ഞുകൊടുക്കാനും, അവരെക്കൊണ്ടു ഹോംവർക്ക് ചെയ്യിക്കാനും മററുമുള്ള ചുമതല അവരെ ഏല്പിക്കുന്നു. ചിലപ്പോൾ മേലെയുള്ള ക്ളാസ്സുകളിലെ കുട്ടികളെയായിരിക്കും ഈ ചുമതല ഏല്പിക്കുക. ഉച്ചയൊഴിവു സമയത്തോ, സൗകര്യമുള്ള മററു സമയങ്ങളിലോ ഈ 'ട്യൂഷൻ'ക്ളാസ്സ് മുറിക്കകത്തുവെച്ചുതന്നെ നടക്കുന്നു. പഠിക്കാനും പഠിപ്പിക്കാനും കുട്ടികളെ പ്രേരിപ്പിക്കുന്നതും, ഈ പ്രക്രിയയ്ക്കിടയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ അപ്പോഴപ്പോൾ പരിഹരിക്കുന്നതും ക്ളാസ്സ് ടീച്ചറുടെ ചുമതലയാണ്.

പല സ്കൂളുകളിലും ഈ ഏർപ്പാടുകൊണ്ടു വമ്പിച്ച ഗുണം ഉണ്ടായിട്ടുള്ളതായി കണ്ടിട്ടുണ്ട്. 'ശരാശരി'യിൽ അല്പം ഉയർന്നവരും, പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടവരുമായ കുട്ടികൾക്കാണ് ഇതുകൊണ്ടു കൂടുതൽ ഗുണം സിദ്ധിക്കുന്നത്. അന്യഥാ വെറുതെപോകുന്ന ഒഴിവുസമയം ഫലപ്രദമായും സൃഷ്ടിപരമായും ചെലവഴിക്കാൻ ഇതുമൂലം അവർക്കു കഴിയുന്നു. അവരുടെ നേതൃത്വക്കഴിവിനെ ഈ പ്രവർത്തനം വികസിപ്പിക്കുന്നു. പഠിപ്പിക്കുന്നതുവഴി, തങ്ങൾ പഠിച്ച വിഷയങ്ങൾ അവർക്കു കൂടുതൽ സ്ഫുടമായും ദൃഢമായും മനസ്സിൽ ഉറയ്ക്കുന്നു.

'അവശ'വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കും ഈ സമ്പ്രദായംകൊണ്ടു ഗുണമുണ്ടാകുന്നു. അവർക്കു വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നു എന്നതാണ് മുഖ്യമായ കാര്യം. ഇങ്ങനെ ശ്രദ്ധിക്കുന്നതു് അവരുടെ നിലവാരത്തിൽനിന്നു വളരെയൊന്നും ഉയരാത്തവരുമാണ്. ഇതിൻഫലമായി അവരുടെ പ്രശ്നങ്ങൾ ശരിക്കും മനസ്സിലാക്കപ്പെടുന്നു; അവ പരിഹരിക്കപ്പെടുകയുംചെയ്യുന്നു. സബ്രഹ്മചാരികളിൽനിന്നു ലഭിക്കേണ്ടതാണല്ലോ പഠിപ്പിന്റെ നാലിലൊന്ന്. ഏതു രംഗത്തിലും ഉയർച്ചയ്ക്ക്, സമാനവിഭാഗങ്ങളിൽനിന്നു കിട്ടുന്ന പ്രോത്സാഹനംപോലെ സഹായിക്കുന്ന മറ്റൊന്നില്ല.

അതാതു ക്ളാസ്സുകളിലെ അദ്ധ്യാപകർ നിരന്തരമായി ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ മാത്രമേ ഈ തരം അദ്ധ്യാപനപ്രക്രിയ നടക്കുകയുള്ളു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. ഒന്നോ രണ്ടോ ദിവസം അവർ ശ്രദ്ധിക്കാതിരുന്നാൽ ഈ ഏർപ്പാടു് ആകെ അവതാളത്തിലായിത്തീരും.

ഈ സമ്പ്രദായത്തിനുള്ള മറ്റൊരു അപര്യാപ്തത, ക്ളാസ്സുമുറിക്കകത്തു മാത്രമേ ഇതു പ്രായോഗികമാവുകയുള്ളു എന്നതാണ്. സ്കൂളിൽ തീരെ ഹാജരാകാത്ത കുട്ടികളെ പഠിപ്പിച്ചു്, വീണ്ടും സ്കൂളിൽ, അവർക്കു പറ്റിയ ക്ളാസ്സുകളിൽ, എത്തിക്കുവാൻ മുമ്പു പറഞ്ഞു മറ്റു രണ്ടു മാർഗങ്ങൾതന്നെ അവലംബിക്കണം. ഇതിനു പുറമേ, ക്ളാസ്സുമുറികളിൽവെച്ചു തിരിച്ചറിയപ്പെടുന്ന ചില വൈകല്യങ്ങൾ പരിഹരിക്കണമെങ്കിലും അദ്ധ്യാപകരും രക്ഷാകർത്താക്കളും സഹകരിച്ചു പ്രവർത്തിക്കേണ്ടതു് ആവശ്യമാണ്. വിദ്യാർത്ഥികളുടെ അനാരോഗ്യം, പുസ്തകം മുതലായ ഉപകരണങ്ങളുടെ അഭാവം, സമയത്തു സ്കൂളിലെത്തായ്ക മുതലായ വിദ്യാഭ്യാസതടസ്സങ്ങൾ ഒഴിവാക്കാൻ ഈ സഹകരണം അനുപേക്ഷണീയമാണല്ലോ.

(ഏപ്രിൽ 19, 1982)

# 100. പ്രതിഭാശാലികൾ

'ശരാശരി'യേക്കാൾ താഴെ നില്ക്കുന്ന വിദ്യാർത്ഥികളെപ്പറ്റിയും അവർ സൃഷ്ടിക്കുന്ന വിദ്യാഭ്യാസപ്രശ്നങ്ങളെപ്പറ്റിയും കഴിഞ്ഞ ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു. 'ശരാശരി'യേക്കാൾ മീതെ നിൽക്കുന്ന 'പ്രതിഭാശാലികൾ' (ഗിഫ്റ്റെഡ്) എന്നുതന്നെ വിളിക്കാവുന്ന വിദ്യാർത്ഥികളും ഓരോ ക്ളാസ്സിലും കാണും. നൂറു വിദ്യാർത്ഥികളിൽ നാലുപേരെങ്കിലും അസാധാരണപ്രതിഭാശാലികളായിരിക്കുമെന്നാണു കണക്കാക്കിയിട്ടുള്ളതു്. വിദ്യാഭ്യാസസമൂഹത്തിലെ ഒരു ന്യൂനപക്ഷമാണ് ഈ പ്രതിഭാശാലികൾ. ഇവരും ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടു്; ഈ പ്രശ്നങ്ങൾ പരിഹാരം അർഹിക്കുന്നുമുണ്ടു്.

വിദ്യാത്ഥികളെ സംബന്ധിച്ചിടത്തോളം 'ശരാശരി' എന്നതു് ഒരു സങ്കല്പനം മാത്രമാണെന്നും, ഓരോ വിദ്യാർത്ഥിയും തനതായ സവിശേഷതകളുള്ള ഓരോ വ്യക്തി ആണെന്നും പറഞ്ഞുവല്ലോ. ഓരോ കുട്ടിക്കും, സമപ്രായക്കാരായ മറ്റുള്ളവരേക്കാൾ ഭംഗിയായി ചില കാര്യങ്ങളെങ്കിലും ചെയ്യാൻ കഴിവുണ്ടായിരിക്കും. ചിലർ കൂടുതൽ ഭംഗിയായി സംസാരിക്കും. ചിലർ വേഗത്തിൽ വായിക്കും. ചിലർക്കു കണക്ക് ആയിരിക്കും പഥ്യം. ചാട്ടം, ഓട്ടം, പാട്ട്, ചിത്രംവര മുതലായവ